## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2446** **12-10-2021 - ൽ മറുപടിയ്ക്ക്**

## ആറാലുംമൂട് കെ.എ.എൽ. -ൽ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ആറാലുംമൂട് കെ.എ.എൽ. -ൽ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | ഇന്ത്യയിൽ തന്നെ ഇലക്ട്രിക് ഓട്ടോറിക്ഷ നിർമ്മിച്ച് പുറത്തിറക്കിയ ആദ്യ പൊതുമേഖലാസ്ഥാപനമാണ് കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്. നിലവിൽ ടി സ്ഥാപനത്തിന്റെ പ്രധാന ഉൽപ്പന്നം ഇലക്ട്രിക് പാസഞ്ചർ ഓട്ടോറിക്ഷയാണ്. ഇതിനു പുറമേ ഇലക്ട്രിക് കാർഗോ വാഹനത്തിന്റെയും ഇലക്ട്രിക് റിക്ഷയുടേയും നിർമ്മാണം ആരംഭിക്കുന്നതിനായുള്ള സർട്ടിഫി-ക്കേഷൻ നടപടികൾ പുരോഗമിച്ചു വരുന്നു. നിലവിലുള്ള ഇ-ഓട്ടോയ്ക്കു പുറമേ മറ്റൊരു പുതിയ മോഡൽ മുച്ചക്ര വാഹനം പുറത്തിറക്കുവാനും കമ്പനി ലക്ഷ്യ-മിടുന്നുണ്ട്. ഇലക്ട്രിക് ഓട്ടോയുടെ അസ്സംബ്ലിംഗിനായി കമ്പനിയുടെ പുതിയ ഒരു യൂണിറ്റ് കണ്ണൂരിൽ തുടങ്ങുവാനുള്ള പദ്ധതിയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഒരു ജോയിന്റ് വെൻചർ കമ്പനി രൂപീകരിച്ച് ഇലക്ട്രിക് ടൂ വീലർ നിർമ്മാണം ആരംഭിക്കുവാനുള്ള പദ്ധതിയും സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) | ഓരോ പദ്ധതിക്കും എത്ര കോടി രൂപ വീതമാണ് വിനിയോഗിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ബി) | ഇലക്ട്രിക് ഓട്ടോ, ഇ - റിക്ഷാ, ഇ - സ്കൂട്ടർ എന്നിവയുടെ നിർമ്മാണത്തിനും കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ നവീകരണത്തിനുമായി 2021 - 22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ സർക്കാർ വക-യിരുത്തിയിട്ടുണ്ട്. ഇലക്ട്രിക് ഓട്ടോയുടെ അസ്സംബ്ലിംഗിനായി കമ്പനിയുടെ നേതൃത്വത്തിൽ ഒരു പുതിയ ഫാക്ടറി കണ്ണൂരിൽ ആരംഭിക്കുവാനുള്ള 350 ലക്ഷം രൂപ ചിലവ് പ്രതീക്ഷിക്കുന്ന പദ്ധതിയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 50 ലക്ഷം രൂപ പ്രവർത്തനമൂലധനത്തിനുള്ള സർക്കാർ വായ്പയായി നൽകുമെന്നും ബാക്കി തുക കമ്പനി കണ്ടെത്തണമെന്നുമുള്ള വ്യവസ്ഥ-യോടെയാണ് ഭരണാനുമതി നൽകി-യിട്ടുള്ളത്. കൂടാതെ ഇലക്ട്രിക് ടൂ വീലർ നിർമ്മിക്കുന്നതിന് കേരള ആട്ടോ-മൊബൈൽസ് ലിമിറ്റഡിന് തനതായ സാങ്കേതിക |

| | | | |
|---|---|---|---|
| | | | വിദ്യ ഇല്ലാത്തതിനാൽ ഇത്തരം സാങ്കേതിക വിദ്യയുള്ള കമ്പനികളുമായി ചേർന്ന് ഒരു ജോയിന്റ് വെൻചർ കമ്പനി രൂപീകരിച്ച് ഇലക്ട്രിക് സ്കൂട്ടർ നിർമ്മിക്കുവാനുള്ള പദ്ധതിയും സർക്കാർ പരിഗണിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ